**പത്രക്കുറിപ്പ്**

28706/FIN-CC2-ASST-1/2014/Fin 15.01.2020

കാലിക്കറ്റ് സർവ്വകലാശാല പെൻഷൻകാരുടെ 2019-20 സാമ്പത്തികവർഷത്തെ ആദായനികുതി സ്റ്റേറ്റ്മെൻറ് സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വാർഷികവരുമാനം സംബന്ധിച്ച വിശദാംശങ്ങളും, സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിനുള്ള ഫോമും **സർവ്വകലാശാലയുടെ വെബ്സൈറ്റിൽ പെൻഷനേഴ്സ് സ്പോട്ട്** എന്ന ലിങ്കിൽ ലഭ്യമാണ്. ഇത് സ്വന്തം പെൻഷൻ ഐഡൻറിറ്റി നമ്പർ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. പൂരിപ്പിച്ച സ്റ്റേറ്റ്മെൻറ് ആവശ്യമായ രേഖകളുടെ പകർപ്പുകൾ സഹിതം 2020 ജനുവരി 20 ന് മുമ്പായി ഫൈനാൻസ് ബ്രാഞ്ചിൽ എത്തിക്കേണ്ടതാണ്.

സേവനകാലത്തെ ശമ്പള, ക്ഷാമബത്ത ആനുകൂല്യങ്ങൾ / കുടിശ്ശിക മറ്റ് ആനുകൂല്യങ്ങൾ മുതലായവ റിട്ടയർ ചെയ്തതിനു ശേഷം ഈ സാമ്പത്തിക വർഷം(2019-20) ലഭിച്ചിട്ടുള്ളവർ, 01/04/2019 നു ശേഷം റിട്ടയർ ചെയ്ത ജീവനക്കാർ എന്നിവർ, പെൻഷൻ വരുമാനത്തിന് പുറമെ ആയതു സംബന്ധിച്ച വിവരങ്ങൾ എംപ്ലോയീസ് സ്പോട്ടിൽ ലഭ്യമാക്കിയത് (പെൻഷനേഴ്സ് സ്പോട്ടിൽ ലഭ്യമാക്കിയതിനു പുറമെ) കൂടി പരിശോധിച്ച് അവരവരുടെ അകെ വരുമാനം കണക്കാക്കേണ്ടതാണ്. മേൽപറഞ്ഞ അകെ വരുമാനം Rs. 5,50,000/-(അഞ്ചര ലക്ഷം രൂപ മാത്രം) കുറവുള്ളവർ (ഡിഡക്ഷനുകൾ ഉൾപെടാതുള്ളതു) അഡിഷണൽ ഇൻകം ഡിക്ലയർ ചെയ്യുന്നുണ്ടെങ്കിൽ ആയതു 20/01/2020 മുൻപ് ഫൈനാൻസ് ബ്രാഞ്ചിൽ എത്തിക്കേണ്ടതാണ്. ആയതു 20/01/2020 തിയതിക്കുമുന്പ് മുൻപ് ലഭിക്കാത്ത പക്ഷം, അവരുടെ ടാക്സബിൾ ഇൻകം Rs. 5,50,000/-(അഞ്ചര ലക്ഷം രൂപ മാത്രം) താഴെയാണെന്ന് കണക്കാക്കുന്നതും, അവർക്കു പിന്നീട് ഈ സാമ്പത്തിക വർഷം യൂണിവേഴ്സിറ്റി യിലൂടെ അഡിഷണൽ ഇൻകം ഡിക്ലയർ ചെയ്യുവാൻ സാധ്യമാകുന്നതല്ല എന്നും അറിയിക്കുന്നു. ഡിഡക്ഷൻ ലഭിക്കുന്നതിനായി ആയതു സംബന്ധിച്ച രേഖകളുടെസ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഇതോടൊപ്പം സമർപ്പിക്കേണ്ടതും, ടി പേയ്മെന്റുകൾ കുടുബത്തിലുള്ളവർക്കു വേണ്ടിയാണെങ്കിൽ, ടി പേയ്മെന്റ് നൽകിയത് തങ്ങളാണെന്നും, അവരുമായുള്ള പെൻഷനരുടെ ബന്ധവും ഡിക്ലയർ ചെയ്തിരിക്കണം .

ആദായനികുതിയുടെ പരിധിയിൽ വരുന്ന, എന്നാൽ പാൻകാർഡിന് ഇതുവരെ അപേക്ഷിച്ചിട്ടില്ലാത്ത പെൻഷൻകാർ ആദായനികുതി നിയമപ്രകാരം ഉയർന്ന നിരക്കിൽ നികുതി നൽകാൻ ബാധ്യസ്ഥരായിരിക്കുമെന്നും അറിയിച്ചുകൊള്ളുന്നു.

Jugal Kishor K
Finance Officer

To

പബ്ലിക് റിലേഷൻസ് ഓഫീസർ

എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്.